**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1773** **20-06-2024 - ൽ മറുപടിയ്ക്ക്**

**എഞ്ചിനീയറിംഗ് പഠനരംഗത്തെ പോരായ്മകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ഡോ. ആർ. ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് പഠനരംഗത്തെ പോരായ്മകൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; | (എ) | **ഉണ്ട്.** |
| (ബി) | ഭൂരിപക്ഷം എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ബി-ടെക് പൂർത്തീകരിച്ച വിദ്യാർത്ഥികൾ പ്ലേസ്മെന്റ് കിട്ടാതെ തൊഴിൽരഹിതരായി തുടരുന്ന സാഹചര്യം വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ പഠനവിധേയമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | എഞ്ചിനീയറിംഗ് പഠനരംഗത്തെ **പോരായ്മകളും** പ്ലേസ്മെന്റ് സംബന്ധിച്ച വിഷയങ്ങളെക്കുറിച്ചും പഠനം നടത്തുന്നത് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ആണ്. നിലവിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് പരിഹാര മാർഗങ്ങൾ നിർദേശിക്കാൻ ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നുമായി രൂപീകരിച്ച കമ്മറ്റിയുടെ വിശകലനങ്ങൾ നടന്നുവരുന്നു. കരിക്കുലത്തിന്റെ ഭാഗമായിത്തന്നെ വൻകിട വ്യവസായ സ്ഥാപനങ്ങളിൽ ബി.ടെക്, എം.ടെക് വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് സൗകര്യങ്ങൾ എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാല ഒരുക്കിയിട്ടുണ്ട്. കൂടാതെ പ്ലേസ്മെന്റ് സെല്ലും ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) | എഞ്ചിനീയറിംഗ് പഠന നിലവാരമുയർത്താൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല അക്കാദമിക ഉന്നമനത്തിനായി കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട്, 2024-25 അക്കാദമിക വർഷം ബി.ടെക് പാഠ്യപദ്ധതിയും സിലബസും പരിഷ്കരണം നടത്തിയിട്ടുണ്ട്. സർവകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരം സാങ്കേതിക സർവകലാശാലയിൽ 7 സ്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എഞ്ചിനീയറിങ് കോളേജുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിന് കാലാനുസൃതമായി നവീന കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. കാലാനുസൃതമായി കരിക്കുലം, സിലബസ് എന്നിവ പരിഷ്കരിക്കാൻ ഇൻഡസ്ട്രിയിൽ നിന്നുള്ള വിദഗ്ധരുടെ പങ്കാളിത്തോടെ, ഇൻഡസ്ട്രിയൽ ഇലക്റ്റീവ്സ്, മൈനർ തുടങ്ങിയ നൂതന ആശയങ്ങൾ പരിഷ്കരിച്ച |

| | | | |
|---|---|---|---|
| | | | കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ സംരംഭകത്വം പാഠ്യവിഷയ പദ്ധതിയിൽ തന്നെ ഉൾപ്പെടുത്തുന്നതിനായി അഫിലിയേറ്റഡ് കോളേജുകൾ കേന്ദ്രീകരിച്ചുള്ള Centre of Excellence സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വകലാശാല centralized placement drive എല്ലാ വർഷവും നടത്തുന്നുണ്ട്. കാലാനുസൃതമായി സാങ്കേതിക വിദ്യാഭ്യാസമേഖലയിലെ Teaching and learning methods പരിഷ്കരിക്കുന്നതിനായി Human Resources Development Centre സർവകലാശാലയിൽ ആരംഭിച്ചിട്ടുണ്ട്. നൂതന തൊഴിൽ നൈപുണ്യ സാധ്യതകൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള Bachelor of Vocational Studies പ്രോഗ്രാം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ സർക്കാർ എഞ്ചിനീയറിങ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്ററും കണ്ണൂർ സർക്കാർ എഞ്ചിനീയറിങ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ് എനർജി & എൻവയോൺമെന്റും പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ